**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനവും സഹായവും നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിന് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രീ മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br>3. സ്പെഷ്യൽ ഇൻസെന്റീവ് സ്കീം<br>4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ്<br>5. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br>6. . ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br>7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br>8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ഗ്രാന്റ്<br>9. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള ധനസഹായം (വിംഗ്സ്)<br>10. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം<br>11. മെഡിക്കൽ/ എഞ്ചിനിയറിംഗ് പരിശീലനത്തിനുള്ള ധനസഹായം<br>12. സിവിൽ സർവീസ് പരിശീലനത്തിനുള്ള ധനസഹായം<br>13. സ്റ്റഡി ടൂറിനുള്ള ധനസഹായം<br>14. മോഡൽ പ്രീ സ്കൂൾ<br>15. പ്രീ മെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ<br>16. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി/ | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ വിദ്യാഭ്യാസ അനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ? | | പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യ ഇനത്തിൽ 19 സ്ഥാപനങ്ങളിലായി 6823 പട്ടികജാതി വിദ്യാർഥികൾക്ക് 28,84,81,806/- രൂപ നൽകിയിട്ടുണ്ട്. പ്രീമെട്രിക്ക് സ്കോളർഷിപ്പ് ഇനത്തിൽ ലംപ്സം ഗ്രാന്റായി 12275 വിദ്യാർഥികൾക്ക് 1,07,84,555/- രൂപയും, എഡ്യൂക്കേഷൻ എയ്ഡായി 8773 വിദ്യാർഥികൾക്ക് 1,24,19,600/- രൂപയും, സ്റ്റൈപ്പന്റായി 631വിദ്യാർഥികൾക്ക് 5,50,000/- രൂപയും, സ്പെഷ്യൽ ഇൻസെന്റീവായി 583 വിദ്യാർഥികൾക്ക് 15,18,500/-രൂപയും നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പായി 14,32,150/- രൂപയും, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പായി 38,46,990/- രൂപയും ,അയ്യങ്കാളി സ്കോളർഷിപ്പായി 10,800/- രൂപയും ,സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹനമായി 1,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ